# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് മുപ്പത്തിമൂന്ന്

## രാജാവിന്റെ തിരസ്കരണത്തിന്റെ ദൃഢീകരണം

## (2)

Sat

മത്തായിയുടെ സുവിശേഷം രാജ്യത്തിന്റെ ഉപദേശത്തെ സംബന്ധിച്ച ഒരു പുസ്തകമാണെന്ന് നാം കണ്ടു. തന്റെ സുവിശേഷത്തിൽ മത്തായി ചരിത്ര വിവരണമല്ല നമുക്കു നൽകുന്നത്; അവൻ ചരിത്ര വസ്തുതകളെ എടുത്ത് രാജ്യത്തിന്റെ ഉപദേശം വെളിപ്പെടുത്തുന്നതിന് അവയെ ഒരുമിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്. ഇതുവരെ, ക്രിസ്തു ജനിച്ചതും, അഭിഷേകം ചെയ്യപ്പെട്ടതും, പരീക്ഷിക്കപ്പെട്ടതും, തന്റെ ശുശ്രൂഷ ആരംഭിച്ചതും, ഒരു പുരുഷാരത്തെ ആകർഷിച്ചതും, സ്വർഗീയ ഭരണഘടന വിളംബരം ചെയ്തതും, അവന്റെ ശുശ്രൂഷ തുടർന്നതും നാം കണ്ടു. അവന്റെ ശുശ്രൂഷ നിരവധി വശങ്ങളിൽ അവനെത്തന്നെ വെളിപ്പെടുത്തുന്നതിന് അവനെ പ്രാപ്തനാക്കുന്ന പരിതസ്ഥിതി ഉളവാക്കി. കൂടാതെ, അവന്റെ ശുശ്രൂഷ ആ ദുഷ്ട തലമുറയാൽ അവൻ പൂർണമായി തിരസ്കരിക്കപ്പെടുമാറാക്കി. അധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്നവരെ വിശ്രമത്തിനുവേണ്ടി തന്റെ അടുക്കലേക്ക് വരുവാൻ വിളിച്ചതും നാം കണ്ടു. വിശ്രമിക്കുന്നതിനുള്ള മാർഗം മതത്തിന്റെ ചട്ടങ്ങൾ ലംഘിക്കുന്നതും, തലയെയും ശരീരത്തിലെ അവയവങ്ങളെയും കരുതുന്നതുമാണെന്ന് അവൻ അവരെ കാണിച്ചു. ഇതെല്ലാറ്റിലൂടെയുമാണ് മനുഷ്യരുടെ ഇടയിൽ ഭൂമിയിൽ സ്വർഗരാജ്യം സ്ഥാപിക്കപ്പെടുന്നത്. ഇങ്ങനെയുള്ള വ്യക്തമായ ഒരു വീക്ഷണത്താൽ നാം എല്ലാവരും മതിപ്പുള്ളവരാകണം.

സ്വർഗരാജ്യം സ്ഥാപിക്കുന്നതിനായി ആത്മിക യുദ്ധത്തിന്റെ, ആത്മിക പോരാട്ടത്തിന്റെ ആവശ്യമുണ്ടെന്ന് നാം കാണണം. ഈ പോരാട്ടം 12:22-37-ൽ വിവക്ഷിക്കപ്പെടുന്നു. രാജ്യത്തിന്റെ സ്ഥാപനത്തിൽ ഒരു രൂക്ഷ പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. നിരവധി കാര്യങ്ങൾ നാം നോക്കിക്കഴിഞ്ഞെങ്കിലും, രാജ്യത്തിന്റെ സ്ഥാപനത്തിന് ആത്മിക പോരാട്ടം ആവശ്യമാണെന്ന് നാം ഇതുവരെ കണ്ടില്ല. സ്വർഗീയ രാജാവായ ക്രിസ്തു ഭൂമിയിൽ മനുഷ്യരുടെ

ഇടയിൽ സ്വർഗീയ രാജ്യം സ്ഥാപിക്കുകയായിരുന്നപ്പോൾ അവൻ പോരാടുകയായിരുന്നു. എന്നാൽ ജനം ഈ പോരാട്ടത്തെ കണ്ടില്ല. അവൻ ബാഹ്യമായി ചെയ്തത് അവർ കണ്ടുവെങ്കിലും, ആന്തരികമായി എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് അവർ തിരിച്ചറിഞ്ഞില്ല. അങ്ങനെ, രാജാവ് സ്വർഗീയ രാജ്യം സ്ഥാപിക്കുകയായിരുന്നപ്പോൾ സംഭവിച്ചുകൊണ്ടിരുന്ന പോരാട്ടത്തെ ചൂണ്ടിക്കാണിക്കുവാൻ മത്തായി ചരിത്രപരമായ മറ്റൊരു വസ്തുതയെ തിരഞ്ഞെടുത്തു.

## III. തിരസ്കരണത്തിന്റെ ഉച്ചഃസ്ഥിതി

12:22-37-ന്റെ സമയത്ത് കർത്താവിന്റെ ശുശ്രൂഷ അത്ര പരസ്യമായിരുന്നില്ല. തന്റെ ശുശ്രൂഷ പരസ്യമായി നിർവഹിക്കുന്നതിനുപകരം, അവൻ അത് ഏറെക്കുറെ ജാഗ്രതയോടെ ശാന്തമായ രീതിയിൽ ചെയ്തു. എന്നിരുന്നാലും, ഭൂതഗ്രസ്തനായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നതിൽ കർത്താവ് വാക്യം 22-ൽ ചെയ്തത് ഒരു ചരിത്ര വസ്തുതയായിരുന്നു, അതിനെ മറച്ചുവയ്ക്കുവാൻ കഴിഞ്ഞില്ല.

### A. ഭൂതബാധിതനായ ഒരു വ്യക്തിയെ സ്വർഗീയ രാജാവിന്റെ അടുക്കൽ കൊണ്ടുവരുകയും, രാജാവ് അവനെ സൗഖ്യമാക്കുകയും ചെയ്യുന്നു

വാക്യം 22 പറയുന്നു, "അപ്പോൾ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു, ഊമൻ സംസാരിക്കുകയും കാണുകയും ചെയ്യത്തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി." കുരുടനും ഊമനുമായ ഒരു മനുഷ്യൻ സൂചിപ്പിക്കുന്നത് ദൈവത്തെയും ആത്മിക കാര്യങ്ങളെയും കാണുവാനുള്ള കാഴ്ചയില്ലാത്തവനെയാണ്; തന്മൂലം ദൈവത്തെ സ്തുതിക്കുവാനും ദൈവത്തിനുവേണ്ടി സംസാരിക്കുവാനും അവൻ പ്രാപ്തനല്ല. ഇതാണ് വീണുപോയ സകല ജനത്തിന്റെയും യഥാർഥ അവസ്ഥ. ഇങ്ങനെയുള്ള ഒരു മനുഷ്യനെ രാജാവിന്റെ അടുക്കലേക്ക് കൊണ്ടുവരുകയും, രാജാവ് ഭൂതത്തെ പുറത്താക്കുകയും, ആ മനുഷ്യൻ കാണുവാനും സംസാരിക്കുവാനും പ്രാപ്തനാകുകയും ചെയ്തു. അവൻ കണ്ടത് അവൻ ഉച്ചരിച്ചു. ഇത് സംശയമെന്യേ ഒരു അത്ഭുതവും ഒരു അടയാളവും ആയിരുന്നു. പഴയനിയമത്തിൽ കുരുടനായ ഒരു മനുഷ്യൻ അത്ഭുതകരമായി കാഴ്ച പ്രാപിക്കുന്ന യാതൊരു രേഖയും ഇല്ല. കുരുടനായ ഒരു മനുഷ്യൻ കാഴ്ച പ്രാപിക്കുന്നത് ഒരു വലിയ അടയാളമായിരുന്നു.

### B. രാജാവ് ദാവീദിന്റെ പുത്രനാണെന്നറിഞ്ഞ് പുരുഷാരമെല്ലാം അമ്പരക്കുകയും അത്ഭുതപ്പെടുകയും ചെയ്യുന്നു

വാക്യം 23 പറയുന്നു, "സകല പുരുഷാരവും അമ്പരന്നു, ഇത്

ദാവീദിന്റെ പുത്രനല്ലയോ? എന്നു പറഞ്ഞു." കുരുടനും ഊമനുമായ വ്യക്തിയെ സൗഖ്യമാക്കുന്നതിൽ ചെയ്ത അത്ഭുതം പുരുഷാരത്തെ അമ്പരപ്പിച്ചു, "ഇത് ദാവീദിന്റെ പുത്രനല്ലയോ?"എന്ന് അവർ പറഞ്ഞു. ഇത് ക്രിസ്തുവിനെ അവരുടെ മശിഹയായി, അവരുടെ രാജാവായി അംഗീകരിക്കുന്നതായിരുന്നു.

## C. ഭൂതങ്ങളുടെ അധിപനായ ബെയെത്സെബൂലിനാൽ രാജാവ് ഭൂതങ്ങളെ പുറത്താക്കുന്നുവെന്ന് പരീശന്മാർ പറയുന്നു

പുരുഷാരം അമ്പരന്നുവെങ്കിലും, അസാമാന്യമായ ഒരു അത്ഭുതത്തിലൂടെ കർത്താവായ യേശു സകല പുരുഷാരത്തെയും നേടിയെന്ന വസ്തുത ഉൾക്കൊള്ളുവാൻ കഴിയാതെ പരീശന്മാർ ഖിന്നരായി. തന്മൂലം, സാഹചര്യത്തോട് ഇടപെടേണ്ടതിന് ഈ പരീശന്മാർക്ക് ചിലത് പറയേണ്ടിവന്നു. വാക്യം 24 അനുസരിച്ച്, അവർ പറഞ്ഞു, "ഇവൻ ഭൂതങ്ങളുടെ അധിപനായ ബെയെത്സബൂലിനാൽ അല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല." ഇത് എതിർക്കുന്ന പരീശന്മാരാൽ സ്വർഗീയ രാജാവിന്മേൽ ചുമത്തപ്പെട്ട ഏറ്റവും വലിയ ദൈവദൂഷണമായിരുന്നു. ബെയെത്സബൂബിന്റെ അർഥം ഈച്ചകളുടെ പ്രഭു എന്നാണ്. അതിനെ യെഹൂദന്മാർ അവജ്ഞയോടെ കുപ്പക്കുന്നിന്റെ പ്രഭു എന്നർഥമുള്ള ബെയെത്സബൂൽ എന്നാക്കി, അതിനെ ഭൂതങ്ങളുടെ അധിപൻ എന്നതിന് ഉപയോഗിച്ചു (മർക്കൊ. 3:22; ലൂക്കൊ. 11:15, 18-19). ഈച്ചകൾ നിറഞ്ഞ, ഏറ്റവും വൃത്തികെട്ട സ്ഥലമായ കുപ്പക്കുന്നിന്റെ രാജാവ് സാത്താനായിരുന്നു. അതുകൊണ്ട്, പുരാതന യെഹൂദന്മാരുടെ ദൃഷ്ടിയിൽ ബെയെത്സബൂബ് ഭൂതങ്ങളുടെ രാജാവും കുപ്പക്കുന്നിലെ വൃത്തികെട്ട ഈച്ചകളുടെ രാജാവുമായ സാത്താനെ സൂചിപ്പിച്ചു. ക്രിസ്തു ബെയെത്സബൂലിനാൽ ഭൂതങ്ങളെ പുറത്താക്കി എന്നു പറയുന്നത് അവൻ സാത്താനാൽ അവയെ പുറത്താക്കി എന്നാണ് അർഥമാക്കിയത്. ഇങ്ങനെ സ്വർഗീയ രാജാവിനെ കുറ്റാരോപണം നടത്തുന്നത് എന്തൊരു ദൈവദൂഷണമാകുന്നു!

## D. സ്വർഗീയ രാജാവിന്റെ ഉത്തരം

പരീശന്മാരുടെ കുറ്റാരോപണം പിന്നെയും ചിലത് വെളിപ്പെടുത്തുവാൻ ക്രിസ്തുവിന് ഒരു അവസരം നൽകി. ചിലതു വെളിപ്പെടുത്തുവാൻ അവനെ പ്രാപ്തനാക്കിയ ഒരു സാഹചര്യം ഒരിക്കൽക്കൂടെ അവന്റെ ശുശ്രൂഷ ഉളവാക്കി; ആ സാഹചര്യം ഇല്ലായിരുന്നുവെങ്കിൽ നമുക്ക് അത് കാണുവാൻ കഴിയുമായിരുന്നില്ല. പ്രത്യക്ഷത്തിൽ കർത്താവ് ഒരു ഭൂതത്തെ പുറത്താക്കി. വാസ്തവത്തിൽ അത് ഒരു ഭൂതത്തെ പുറത്താക്കുന്നതു മാത്രമായിരുന്നില്ല; അത് ഒരു പോരാട്ടമായിരുന്നു.

## *1. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ സാത്താന്റെ രാജ്യത്തിന് നിൽക്കുവാൻ കഴിയുകയില്ല*

25-ഉം 26-ഉം വാക്യങ്ങൾ പറയുന്നു, "എന്നാൽ അവരുടെ നിരൂപണങ്ങളെ അറിഞ്ഞുകൊണ്ട് അവൻ അവരോടു പറഞ്ഞു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു രാജ്യവും നിർജനമായിത്തീരുന്നു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു പട്ടണമോ വീടോ നിലനിൽക്കുകയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?" കർത്താവ് പരീശന്മാരോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "എനിക്കെങ്ങനെ സാത്താനാൽ ഭൂതത്തെ പുറത്താക്കുവാൻ കഴിയും? ഞാൻ ഇതു ചെയ്തിരുന്നുവെങ്കിൽ, സാത്താൻ സാത്താനോട് പോരാടുകയും, അവന്റെ രാജ്യത്തിന് നിൽക്കുവാൻ കഴിയാതിരിക്കുകയും ചെയ്യും." വാക്യം 26 മുഴുവൻ വേദപുസ്തകത്തിലും നിസ്തുലമാണ്, ആ വാക്യമല്ലാതെ വേറൊരു വാക്യവും സാത്താന് ഒരു രാജ്യമുണ്ടെന്ന രഹസ്യം തുറന്നു തരുന്നില്ല. സാത്താൻ ഈ ലോകത്തിന്റെ അധിപനും (യോഹ. 12:31) ആകാശത്തിലെ അധികാരത്തിന്റെ അധിപനുമാണ് (എഫെ. 2:2). അവന് തന്റെ അധികാരവും (പ്രവൃ. 26:18), വാഴ്ചകളും അധികാരങ്ങളും, ഈ ലോകത്തിലെ അന്ധകാരത്തിന്റെ ലോകാധിപതികളുമായ (എഫെ. 6:12) തന്റെ കീഴിലുള്ള തന്റെ ദൂതന്മാരും (25:41) ഉണ്ട്. തന്മൂലം, അവന് തന്റെ രാജ്യം, ഇരുട്ടിന്റെ അധികാരം, ഉണ്ട് (കൊലൊ. 1:13). സാത്താന്റെ രാജ്യം ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ പണിയപ്പെട്ടിരിക്കുന്നു. എന്നാൽ സ്വർഗീയ രാജാവ് ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ സ്വർഗീയ രാജ്യം സ്ഥാപിക്കുവാൻ വന്നിരിക്കുന്നു. അതുകൊണ്ട്, ഈ രണ്ടു രാജ്യങ്ങൾ സംഘട്ടനത്തിലാണ്. സാത്താന്റെ രാജ്യം പഴയ രാജ്യമാണ്, എന്നാൽ സ്വർഗീയ രാജാവ് സ്വർഗരാജ്യമെന്ന ഒരു പുതിയ രാജ്യം സ്ഥാപിക്കാനൊരുങ്ങുന്നു. ഇതിലൂടെ ഒരു രൂക്ഷ പോരാട്ടം നടന്നുകൊണ്ടിരിക്കുന്നുവെന്ന് നാം കാണുന്നു.

## *2. പരീശന്മാരുടെ പുത്രന്മാർ ബെയെത്സബൂലിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു*

വാക്യം 27-ൽ കർത്താവ് പരീശന്മാരോടു പറഞ്ഞു, "ഞാനോ ബെയെത്സബൂലിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ നിങ്ങളുടെ പുത്രന്മാർ ആരാൽ അവയെ പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങളുടെ ന്യായാധിപന്മാർ ആകും." വാസ്തവത്തിൽ കർത്താവായിരുന്നില്ല, പരീശന്മാരുടെ പുത്രന്മാരായിരുന്നു ബെയെത്സബൂലിനാൽ ഭൂതങ്ങളെ പുറത്താക്കിയിരുന്നവർ. കർത്താവിന്റെ ഈ വാക്ക് സൂചിപ്പിക്കുന്നത്

പരീശന്മാർ ഭൂതങ്ങളുടെ അധിപനായ സാത്താനുമായി ഒന്നായിരുന്നു എന്നാണ്.

### *3. ദൈവരാജ്യം വരേണ്ടതിന് രാജാവ് ദൈവാത്മാവിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു*

വാക്യം 28 പറയുന്നു, "എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു." ദൈവാത്മാവ് ദൈവരാജ്യത്തിന്റെ അധികാരമാണ്. ദൈവാത്മാവ് എവിടെ അധികാരത്തിലായിരിക്കുന്നുവോ അവിടെ ദൈവരാജ്യമുണ്ട്, അവിടെ ഭൂതങ്ങൾക്ക് ഒരു അടിത്തറയും ഇല്ല. കർത്താവിന്റെ വാക്കിലൂടെ നാം ഇവിടെ കാണുന്നത് രാജ്യത്തിനുവേണ്ടിയുള്ള പോരാട്ടം നടത്തുന്നത് കേവലം ഒരു മനുഷ്യനാൽത്തന്നെയല്ല, പിന്നെയോ ദൈവാത്മാവോടുകൂടിയ ഒരു മനുഷ്യനാലാണ്. കർത്താവ് ദൈവാത്മാവിനാൽ ഭൂതങ്ങളെ പുറത്താക്കിയെന്നും ഇത് ദൈവരാജ്യത്തിന്റെ വരവാണെന്നും വാക്യം 28-ൽ കർത്താവു പറഞ്ഞു. എതിർപ്പുള്ള സാഹചര്യത്തിന്മേൽ ദൈവാത്മാവ് എവിടെ തന്റെ അധികാരത്തെ പ്രയോഗിക്കുന്നുവോ അതാണ് ദൈവരാജ്യം.

കർത്താവ് എപ്പോഴും തന്റെ വാക്കുകളിൽ ശ്രദ്ധാലുവാണ്. വാക്യം 28-ൽ സ്വർഗരാജ്യത്തെക്കുറിച്ചല്ല, ദൈവരാജ്യത്തെക്കുറിച്ചാണ് അവൻ സംസാരിച്ചത്. ആ സമയത്തും സ്വർഗരാജ്യം വന്നിരുന്നില്ല. എന്നാൽ ദൈവരാജ്യം അവിടെ ഉണ്ടായിരുന്നു.

### *4. ബലവാനെ ബന്ധിക്കുകയും, അവന്റെ ഭവനത്തിലേക്കു പ്രവേശിക്കുകയും, അവന്റെ ചരക്കുകൾ കൊള്ളയടിക്കുകയും ചെയ്യുന്നു*

കർത്താവ് ഭൂതത്തെ പുറത്താക്കുന്നതിനുമുമ്പ് അവൻ ആദ്യം സാത്താനെതിരെ പോരാടിയെന്ന് വാക്യം 29 വെളിപ്പെടുത്തുന്നു. ഈ വാക്യം പറയുന്നു, "അല്ലെങ്കിൽ ബലവാനെ ആദ്യം ബന്ധിക്കാഞ്ഞാൽ ഒരുവന് ബലവാന്റെ ഭവനത്തിലേക്കു കയറി അവന്റെ ചരക്കുകൾ എങ്ങനെ കൊള്ളയടിക്കുവാൻ കഴിയും? അതിനുശേഷം അവന്റെ ഭവനത്തെ അവൻ തീർത്തും കൊള്ളയടിക്കും." ഇവിടെ "ഭവനം" സാത്താന്റെ രാജ്യത്തെയും, "ബലവാൻ" ദുഷ്ടനായ സാത്താനെയും സൂചിപ്പിക്കുന്നു. "ചരക്കുകൾ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തിന് ഉപകരണങ്ങളെന്നും, പണിക്കോപ്പുകളെന്നും അർഥമുണ്ട്; തന്മൂലം, ചരക്കുകൾ, സാമഗ്രികൾ. സാത്താന്റെ കീഴിലുള്ള വീണുപോയ ജനം തന്റെ ഉപയോഗത്തിനുവേണ്ടിയുള്ള അവന്റെ ചരക്കുകൾ, അവന്റെ ഉപകരണങ്ങൾ ആണ്. അവർ അവന്റെ രാജ്യമായ അവന്റെ ഭവനത്തിൽ സൂക്ഷിച്ചിരിക്കുന്ന

അവന്റെ ചരക്കുകളാണ്. ബലവാനെ ബന്ധിക്കുന്നതിനെക്കുറിച്ചുള്ള വാക്ക് സൂചിപ്പിക്കുന്നത് കർത്താവ് ഭൂതങ്ങളെ പുറത്താക്കിയപ്പോൾ അവൻ ആദ്യം സാത്താനെ ബന്ധിച്ചു എന്നാണ്. ജനം ഭൂതത്തെ പുറത്താക്കുന്നതു മാത്രമേ കണ്ടുള്ളൂ. ബലവാനായ സാത്താനെ ബന്ധിക്കുന്നത് അവർ കണ്ടില്ല. അങ്ങനെ, പരീശന്മാരുടെ കുറ്റാരോപണത്താൽ അവനു നൽകപ്പെട്ട അവസരത്തെ ആത്മിക പോരാട്ടത്തിന്റെ രഹസ്യം വെളിപ്പെടുത്തുവാൻ കർത്താവ് ഉപയോഗിച്ചു. പ്രത്യക്ഷത്തിൽ കർത്താവ് ഭൂതത്തെ പുറത്താക്കുക മാത്രമാണ് ചെയ്തത്; എന്നാൽ വാസ്തവത്തിൽ അവൻ ബലവാനോട് പോരാടുകയും അവനെ ബന്ധിക്കുകയുമായിരുന്നു. ഇന്ന് രാജ്യം പണിയണമെങ്കിൽ, നാം ആദ്യം ബലവാനെ ബന്ധിക്കണമെന്ന് ഇതു നമ്മെ കാണിക്കുന്നു.

ബലവാനെ ബന്ധിക്കാനുള്ള മാർഗം പ്രാർഥിക്കുന്നതാണ്. പതിനേഴാം അധ്യായത്തിലേക്ക് നാം വരുമ്പോൾ, എന്തുകൊണ്ട് ഭൂതത്തെ പുറത്താക്കുവാൻ കർത്താവിന് കഴിഞ്ഞുവെന്നും തങ്ങൾക്കു കഴിഞ്ഞില്ലെന്നും ശിഷ്യന്മാർ കർത്താവിന്റെ അടുക്കൽ വന്ന് ചോദിക്കുന്നത് നാം കാണും. 17:21-ൽ കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു, "പ്രാർഥനയാലും ഉപവാസത്താലുമല്ലാതെ ഈ ഇനം പുറത്തുപോകുന്നില്ല." നിങ്ങൾ പ്രാർഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഇത്തരത്തിലുള്ള ഭൂതത്തെ നിങ്ങൾക്ക് പുറത്താക്കുവാൻ കഴിയുകയില്ല. തന്റെ ശിഷ്യന്മാരോടുള്ള കർത്താവിന്റെ വാക്ക് സൂചിപ്പിക്കുന്നത് അവൻ ഭൂതത്തെ പുറത്താക്കുന്നതിനു മുമ്പ് തീർച്ചയായും ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്തു എന്നാണ്. ബലവാനെ ബന്ധിക്കുന്നതിനായി നാം ഉപവസിക്കുകയും പ്രാർഥിക്കുകയും വേണം. കർത്താവ് രഹസ്യമായി ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്തു. ശിഷ്യന്മാർ ഇത് കണ്ടിരുന്നില്ല. രഹസ്യത്തിൽ ഉപവസിക്കുന്നതും രഹസ്യത്തിൽ പ്രാർഥിക്കുന്നതും നാം കർത്താവിൽനിന്നു പഠിക്കണം. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, പോരാട്ടം നടത്തുന്നതിനും ബലവാനെ ബന്ധിക്കുന്നതിനും അവൻ പലപ്പോഴും ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്തിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. നാം എല്ലാവരും ഇന്ന് അതേ ആത്മാവിൽ ആയിരിക്കണം. നാം ദിവസവും ഇരുട്ടിന്റെ രാജ്യത്തിന്റെ രാജാവായ സാത്താൻ എന്ന ബലവാനെ ബന്ധിക്കത്തവണ്ണം എല്ലാ ദിവസവും നമ്മുടെ ആത്മാവ് ഉപവസിക്കുന്ന ആത്മാവും പ്രാർഥിക്കുന്ന ആത്മാവും ആയിരിക്കണം.

സാത്താന് ഭൂമിയിൽ ഒരു ഇരുട്ടിന്റെ രാജ്യമുണ്ട്; മുഴുവൻ ഭൂമിയും അവന്റെ അപഹരണത്തിൻ കീഴിലാണ്. സാത്താന്റെ കയ്യിൽനിന്നും ഒരുത്തനെ പുറത്ത് കൊണ്ടുവരുന്നത് പ്രയാസമാണ്. വീണുപോയ ഏതു വ്യക്തിയും സാത്താന്റെ ഭവനത്തിലുള്ള ഒരു

ചരക്കാണ്. സാത്താന്റെ ഭവനം അവന്റെ രാജ്യമാണ്; അവന്റെ ഭവനത്തിൽ അനേകം വീണുപോയ വ്യക്തികൾ എന്ന അനേകം ചരക്കുകളുണ്ട്. വീണുപോയ ഒരു വ്യക്തിയെ സാത്താന്റെ ഭവനത്തിൽനിന്ന് പുറത്തെടുക്കുന്നതിന് നാം പ്രാർഥനയാലും ഉപവാസത്താലും ബലവാനെ ബന്ധിക്കണം. ഇതാണ് സ്വർഗരാജ്യത്തിന്റെ സ്ഥാപനത്തിനു വേണ്ടിയുള്ള ആത്മിക യുദ്ധത്തിന്റെ പോരാട്ടം.

മത്തായി പന്ത്രണ്ടാം അധ്യായം പുതിയനിയമത്തിൽ ഒരു സവിശേഷ സ്ഥാനം സ്വായത്തമാക്കുന്നു. കാരണം, സാത്താന് ഒരു രാജ്യമുണ്ടെന്നും, ദൈവം സൃഷ്ടിച്ച സകല ജനത്തെയും ബലവാൻ അപഹരിക്കുന്നുവെന്നും, അവന്റെ അപഹരിക്കുന്ന കരത്തിൽനിന്നും ജനത്തെ പുറത്തെടുക്കുന്നതിന് അവനെ ബന്ധിക്കാനുള്ള ആവശ്യമുണ്ടെന്നും അത് വെളിപ്പെടുത്തുന്നു. ബലവാനെ ബന്ധിക്കുവാനുള്ള മാർഗം ഉപവാസവും പ്രാർഥനയും ആണ്. പന്ത്രണ്ടാം അധ്യായത്തിൽ അനാവരണം ചെയ്യുന്ന പോരാട്ടം കഴിഞ്ഞ പതിനൊന്ന് അധ്യായങ്ങളിൽ കാണുന്നില്ല. ആ അധ്യായങ്ങളിൽ വിശ്രമവും, തലയ്ക്കും ശരീരത്തിലെ അവയവങ്ങൾക്കും വേണ്ടിയുള്ള ചട്ടങ്ങളുടെ ലംഘനവും കാണുന്നു. എന്നാൽ ഇരുട്ടിന്റെ രാജ്യത്തെ നാം കാണുന്നില്ല. ഭൂമിയിൽ രണ്ടു രാജ്യങ്ങളുണ്ട്: ഒന്ന് ഇരുട്ടിന്റെ രാജ്യവും മറ്റൊന്ന് വെളിച്ചത്തിലുള്ള സ്വർഗരാജ്യവും ആണ്. ഈ രണ്ടു രാജ്യങ്ങൾ ഇപ്പോൾ ഭൂമിയിൽ അന്യോന്യം ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട്, യുദ്ധം ചെയ്യേണ്ട ആവശ്യമുണ്ട്. ബലവാനെ ബന്ധിക്കേണ്ടതിന് നാം എല്ലാവരും ഉപവസിക്കുകയും പ്രാർഥിക്കുകയും വേണം. അപ്പോൾ അവന്റെ ഭവനത്തെ കൊള്ളയടിക്കുവാൻ നാം പ്രാപ്തരായിരിക്കും.

ഇത് ഒരു യഥാർഥ വെളിപാടാണ്. ഈ രീതിയിൽ അധികം ക്രിസ്ത്യാനികൾ മത്തായി പന്ത്രണ്ടാം അധ്യായം വായിച്ചിട്ടില്ല, കാരണം അവർ രാജ്യത്തെ കണ്ടുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം, രാജ്യം ഒന്നുകിൽ കേവലം ഒരു ഉപദേശപരമായ പ്രയോഗമോ, ഭാവിയിലുള്ള ഒരു സമയത്തേക്ക് മാറ്റിവയ്ക്കപ്പെട്ട ഒന്നോ ആണ്. എന്നാൽ ഇന്ന് നമ്മോടുകൂടെ കർത്താവു ചെയ്യുന്നതെല്ലാം സ്വർഗീയ രാജ്യത്തിന്റെ സ്ഥാപനത്തിനു വേണ്ടിയാണെന്ന് നാം തിരിച്ചറിയുന്നു. നാം ആണ് രാജ്യജനം. ഇന്ന് രണ്ടു രാജ്യങ്ങൾ തമ്മിൽ ഒരു രൂക്ഷ പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. കർത്താവിന്റെ ശുശ്രൂഷയുടെ തുടർച്ച പിന്നെയുമുള്ള ഈ വെളിപാടിന് അവസരം ഉളവാക്കി.

### *5. രാജാവിനോടുകൂടെയല്ലാത്തവൻ രാജാവിനെതിരും രാജാവിനോടുകൂടെ ശേഖരിക്കാത്തവൻ ചിതറിക്കുന്നവനും ആകുന്നു*

വാക്യം 30-ൽ കർത്താവു പറയുന്നു, "എന്നോടുകൂടെ

അല്ലാത്തവൻ എനിക്ക് എതിരാകുന്നു, എന്നോടുകൂടെ ശേഖരിക്കാത്തവനോ ചിതറിക്കുന്നു." ആ സമയത്ത് പരീശന്മാർ സ്വർഗീയ രാജാവിനോട് ഒന്നല്ലായിരുന്നു, അതിനാൽ അവർ അവന് എതിരായിരുന്നു. അവർ അവനോടുകൂടെ ശേഖരിക്കുകയായിരുന്നില്ല, മറിച്ച് അവനിൽനിന്നും ചിതറിച്ചുകളയുകയായിരുന്നു. തന്മൂലം, അവർ പൂർണമായും അവനിൽനിന്നും വേറിട്ടവരും അവന്റെ ശത്രുവായ സാത്താനോട് ചേർന്നവരും ആയിരുന്നു.

## *6. ആത്മാവിനെതിരെയുള്ള ദൂഷണം ക്ഷമിക്കപ്പെടുന്നില്ല*

വാക്യം 31-ൽ കർത്താവ് പരീശന്മാരോടു പറഞ്ഞു, "അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു, സകല പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും, എന്നാൽ ആത്മാവിന് എതിരെയുള്ള ദൂഷണം ക്ഷമിക്കുകയില്ല." ആത്മാവിനെതിരെയുള്ള ദൂഷണം ആത്മാവിനെ അപമാനിക്കുന്നതിൽനിന്നും വ്യത്യസ്തമാണ് (എബ്രാ. 10:29). ആത്മാവിനെ അപമാനിക്കുകയെന്നാൽ അവനെ മനഃപൂർവം അനുസരിക്കാതിരിക്കുക എന്നാണ്. നിരവധി ക്രിസ്ത്യാനികൾ ഇതു ചെയ്യുന്നു. അവർ ഈ പാപം ഏറ്റുപറയുന്നുവെങ്കിൽ അവരോട് ക്ഷമിക്കുകയും കർത്താവിന്റെ രക്തത്താൽ ശുദ്ധീകരിക്കുകയും ചെയ്യും (1 യോഹ. 1:7, 9). എന്നാൽ ആത്മാവിനെതിരായി ദൂഷിക്കുകയെന്നാൽ വാക്യം 24-ൽ പരീശന്മാർ ചെയ്തതുപോലെ അവനെ അപവദിക്കുക എന്നാണ്. ആത്മാവിനാലായിരുന്നു കർത്താവ് ഭൂതത്തെ പുറത്താക്കിയത്. എന്നാൽ പരീശന്മാർ അതു കണ്ടിട്ട്, ഭൂതങ്ങളുടെ അധിപനായ ബെയെത്സബൂലിനാൽ കർത്താവ് ഭൂതങ്ങളെ പുറത്താക്കി എന്നു പറഞ്ഞു. ഇത് ആത്മാവിനെതിരെയുള്ള ദൂഷണമായിരുന്നു. ഇങ്ങനെയുള്ള ദൂഷണത്താൽ പരീശന്മാരാലുള്ള സ്വർഗീയ രാജാവിന്റെ തിരസ്കരണം അതിന്റെ ഉച്ചഃസ്ഥിതിയിലെത്തി.

കർത്താവ് പരീശന്മാരോട് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങളുടെ ദൂഷണം ക്ഷമിക്കപ്പെടാത്തതാണ്. ഞാൻ ദൈവാത്മാവിനാൽ ഭൂതത്തെ പുറത്താക്കുന്നു, എന്നാൽ ഭൂതങ്ങളുടെ രാജാവായ സാത്താനാൽ ഞാൻ അതിനെ പുറത്താക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. ഇത് പറയുന്നതിൽ നിങ്ങൾ വളരെ അതിരു കടന്നു പോകുന്നു. ക്ഷമിക്കപ്പെടാത്ത ഒരു ദൂഷണം നിങ്ങൾ ഉച്ചരിച്ചിരിക്കുന്നു. നിങ്ങൾ കേവലം ആത്മാവിനെ അപമാനിക്കുകയോ ആത്മാവിനെ അനുസരിക്കാതിരിക്കുകയോ അല്ല ചെയ്തത്, പിന്നെയോ നിങ്ങൾ ആത്മാവിനെ ദുഷിച്ചിരിക്കുന്നു. അവൻ ദൈവത്തിന്റെ ആത്മാവ്, ദൈവം തന്നെയാണ്. ഞാൻ ആത്മാവായ ദൈവത്താലാണ് ഭൂതത്തെ പുറത്താക്കിയത്; എന്നിട്ടും ഈ ദൈവം ഭൂതങ്ങളുടെ രാജാവും കുപ്പക്കുന്നിന്മേലുള്ള വൃത്തികെട്ട ഈച്ചകളുടെ രാജാവുമായ

സാത്താനാണെന്ന് നിങ്ങൾ പറയുന്നു. ഇങ്ങനെ പറയുന്നതിലൂടെ നിങ്ങൾ ക്ഷമിക്കപ്പെടാത്ത ഒരു പാപം ചെയ്തിരിക്കുന്നു."

Mon

### *7. പരിശുദ്ധാത്മാവിനെതിരെ സംസാരിക്കുന്നത് ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കുകയില്ല*

വാക്യം 32-ൽ കർത്താവ് തുടർന്നു പറഞ്ഞു, "മനുഷ്യപുത്രന് എതിരായി ആരെങ്കിലും ഒരു വാക്ക് സംസാരിച്ചാൽ അത് അവനോട് ക്ഷമിക്കും; എന്നാൽ പരിശുദ്ധാത്മാവിന് എതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലും വരാനുള്ളതിലും അത് അവനോട് ക്ഷമിക്കുകയില്ല." ത്രിയേകദൈവത്തിന്റെ വ്യവസ്ഥയിൽ പിതാവ് വീണ്ടെടുപ്പു പദ്ധതി രൂപകല്പന ചെയ്യുകയും (എഫെ. 1:5, 9); പിതാവിന്റെ പദ്ധതിയനുസരിച്ച് പുത്രൻ വീണ്ടെടുപ്പ് സാധിക്കുകയും ചെയ്തു (1 പത്രൊ. 2:24; ഗലാ. 1:4); പുത്രൻ സാധിച്ച വീണ്ടെടുപ്പ് പ്രയോഗിക്കുവാൻ ആത്മാവ് പാപികളുടെ അടുക്കൽ എത്തുന്നു (1 കൊരി. 6:11; 1 പത്രൊ. 1:2). തർസൊസിലെ ശൗൽ ചെയ്തതുപോലെ ഒരു പാപി പുത്രനെ ദുഷിച്ചാൽ, അവൻ ക്ഷമ പ്രാപിക്കേണ്ടതിന്, മാനസാന്തരപ്പെട്ട് പുത്രനിൽ വിശ്വസിക്കുവാൻ ഇടയാക്കുന്നതിന് അപ്പോഴും അവന്റെമേൽ പ്രവർത്തിക്കുവാൻ ആത്മാവിന് അടിത്തറയുണ്ട് (1 തിമൊ.1:13-16 കാണുക). എന്നാൽ ഒരു പാപി ആത്മാവിനെതിരെ ദുഷിച്ചാൽ ആത്മാവിന് അവന്റെമേൽ പ്രവർത്തിക്കുവാൻ യാതൊരു അടിത്തറയും ഉണ്ടായിരിക്കുകയില്ല, അങ്ങനെ മാനസാന്തരപ്പെട്ട് വിശ്വസിക്കുവാൻ അവനെ ഇടയാക്കുന്നതിന് ആരും ശേഷിച്ചിരിക്കുന്നില്ല. തന്മൂലം, അങ്ങനെയുള്ള ഒരു വ്യക്തി ക്ഷമ പ്രാപിക്കുന്നത് അസാധ്യമാണ്. ഇവിടെ കർത്താവിന്റെ വാക്കിനാൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ ഇത് കാര്യകാരണമനുസരിച്ച് യുക്തിപരമാണെന്നു മാത്രമല്ല, ദൈവത്തിന്റെ കാര്യനിർവഹണ തത്ത്വമനുസരിച്ച് ഭരണപരവുമാണ്.

ദൈവത്തിന്റെ ഭരണസംബന്ധമായ കാര്യനിർവഹണത്തിൽ അവന്റെ ക്ഷമ യുഗപരമാണ്. അവന്റെ കാര്യനിർവഹണത്തിനായി അവൻ വ്യത്യസ്ത യുഗങ്ങൾക്ക് പദ്ധതിയിട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവു മുതൽ നിത്യത വരെയുള്ള കാലയളവിനെ യുഗപരമായി മൂന്നു യുഗങ്ങളായി വിഭജിച്ചിരിക്കുന്നു: ക്രിസ്തുവിന്റെ ഒന്നാം വരവു മുതൽ രണ്ടാം വരവു വരെയുള്ള ഇപ്പോഴുള്ളതായ, ഈ യുഗവും; ക്രിസ്തുവിന്റെ രണ്ടാം വരവു മുതൽ പഴയ ആകാശത്തിന്റെയും പഴയ ഭൂമിയുടെയും അവസാനം വരെയുള്ള, പുനഃസ്ഥാപനത്തിനും സ്വർഗീയ വാഴ്ചയ്ക്കും വേണ്ടിയുള്ള ആയിരം വർഷത്തെ സഹസ്രാബ്ദം എന്ന വരുവാനുള്ള യുഗവും; പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും നിത്യ യുഗമായ

നിത്യതയും. ഈ യുഗത്തിലെ ദൈവത്തിന്റെ ക്ഷമ പാപികളുടെ നിത്യ രക്ഷയ്ക്കു വേണ്ടിയാണ്. ഈ ക്ഷമ പാപികൾക്കും വിശ്വാസികൾക്കും നൽകപ്പെടുന്നു. വരുവാനുള്ള യുഗത്തിലെ ദൈവത്തിന്റെ ക്ഷമ വിശ്വസികളുടെ യുഗപരമായ പ്രതിഫലത്തോട് ബന്ധപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം ഒരു വിശ്വാസി ഏതെങ്കിലും പാപം ചെയ്യുകയും, അവൻ മരിക്കുന്നതിനോ കർത്താവ് മടങ്ങിവരുന്നതിനോ മുമ്പ് ഏറ്റുപറച്ചിലിലൂടെയും കർത്താവിന്റെ രക്തത്തിന്റെ ശുദ്ധീകരണത്തിലൂടെയും (1 യോഹ. 1:7) അവൻ ഒരു വെടിപ്പാക്കൽ നടത്താതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഈ പാപം ഈ യുഗത്തിൽ ക്ഷമിക്കപ്പെടുകയില്ല, പിന്നെയോ ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ച് വിധിക്കപ്പെടുന്നതിനായി നിലനിൽക്കും (2 കൊരി. 5:10). സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിൽ ക്രിസ്തുവിനോടുകൂടെ മഹത്വത്തിലും സന്തോഷത്തിലും പങ്കുചേരുന്നതിന് അവന് രാജ്യം പ്രതിഫലമായി ലഭിക്കുകയില്ല, മറിച്ച് ഈ പാപത്തിന്റെ ഒരു വെടിപ്പാക്കൽ നടക്കേണ്ടതിന് അവൻ ശിക്ഷണവിധേയനാകുകയും വരാനിരിക്കുന്ന യുഗത്തിൽ ക്ഷമ പ്രാപിക്കുകയും ചെയ്യും (മത്താ. 18:23-35). ഇത്തരത്തിലുള്ള ക്ഷമ അവന്റെ നിത്യരക്ഷയെ നിലനിർത്തുമെങ്കിലും, അത് വരുവാനുള്ള രാജ്യത്തിന്റെ മഹത്വത്തിലും സന്തോഷത്തിലും പങ്കുചേരുവാൻ അവനെ അയോഗ്യനാക്കും.

### *8. ഫലത്താൽ വൃക്ഷത്തെ അറിയുന്നു*

വാക്യം 33-ൽ കർത്താവു പറഞ്ഞു, "ഒന്നുകിൽ വൃക്ഷത്തെയും അതിന്റെ ഫലത്തെയും നല്ലതാക്കുവിൻ, അല്ലെങ്കിൽ വൃക്ഷത്തെയും അതിന്റെ ഫലത്തെയും ദുഷിച്ചതാക്കുവിൻ; ഫലത്താലല്ലോ വൃക്ഷത്തെ അറിയുന്നത്." ഒരു വൃക്ഷം അതിന്റെ ഫലത്താൽ അറിയപ്പെടുന്നു. പരീശന്മാർ ദുഷ്ടരാണെന്നത് അവരുടെ ദുഷ്പ്രവൃത്തികളാൽ തുറന്നുകാട്ടപ്പെടുന്നു.

### *9. ഹൃദയത്തിന്റെ സമൃദ്ധിയിൽനിന്ന് വായ് ദുഷ്ടമായത് സംസാരിക്കുന്നു*

34-ഉം 35-ഉം വാക്യങ്ങൾ പറയുന്നു, "സർപ്പസന്തതികളേ, ദുഷ്ടന്മാരായിരിക്കെ നിങ്ങൾക്ക് നല്ല കാര്യങ്ങൾ എങ്ങനെ സംസാരിക്കുവാൻ കഴിയുന്നു? ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്ന് നല്ല കാര്യങ്ങളെ പുറപ്പെടുവിക്കുന്നു, ദുഷ്ട മനുഷ്യനോ തന്റെ ദുഷ്ട നിക്ഷേപത്തിൽനിന്ന് ദുഷ്ട കാര്യങ്ങളെ പുറപ്പെടുവിക്കുന്നു." പരീശന്മാർ തങ്ങളുടെ ഹൃദയങ്ങളിൽ ദുഷ്ടതയുടെ സമൃദ്ധികൊണ്ട് നിറഞ്ഞിരുന്നു. തന്മൂലം, അവരുടെ വായ് അവരുടെ ഹൃദയത്തിൽനിന്ന് ദുഷ്ടത ഉച്ചരിച്ചു.

## *10. ന്യായവിധി ദിവസത്തിൽ ഏത് വെറുംവാക്കിനും കണക്കു ബോധിപ്പിക്കണം*

വാക്യം 36 പറയുന്നു, "മനുഷ്യർ സംസാരിക്കുന്ന സകല വെറുംവാക്കിനും ന്യായവിധിയുടെ ദിവസത്തിൽ അതെക്കുറിച്ച് അവർ കണക്കു ബോധിപ്പിക്കും." "വെറും" എന്നതിനുപയോഗിച്ചി രിക്കുന്ന യവനപദം, രണ്ടു പദങ്ങൾ ചേരുന്ന *ആർഗോസ്* ആണ്: അല്ല എന്നർഥമുള്ള *അ*-യും, വേല എന്നർഥമുള്ള *എർഗോൺ*-ഉം. ഒരു വെറും വാക്ക്, അനുലോമപരമായി പ്രവർത്തനമില്ലാത്തതും, ഉപയോഗമില്ലാത്തതും, നിഷ്പ്രയോജനകരവും, വിഫലവും, ഫലമുള വാക്കാത്തതുമായ, ക്രിയ ചെയ്യാത്ത ഒരു വാക്ക്, നിഷ്ക്രിയമായ വാക്കാണ്. ഇങ്ങനെയുള്ള വാക്കുകൾ സംസാരിക്കുന്നവർ അവയിൽ ഓരോന്നിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. ഇതാണ് അവസ്ഥയെങ്കിൽ, ഓരോ ദുഷ്ട വാക്കിനും മനുഷ്യൻ എത്രയധികം കണക്കുകൊടുക്കേണ്ടി വരും!

എതിർക്കുന്നവരോട് കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങളുടെ സംസാരത്തെ ശ്രദ്ധിക്കുക. ഏതു വെറും വാക്കും, ഏത് അപ്രധാനമായ വാക്കും, ന്യായംവിധിക്കപ്പെടും. ഒരു ന്യായവിധിദിവസം ഉണ്ടായിരിക്കുകയും, നിങ്ങൾ പറയുന്നതെന്തും ആ സമയത്ത് ന്യായംവിധിക്കപ്പെടുകയും ചെയ്യും." ഇത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്.

## *11. വാക്കുകളാൽ ജനം ഒന്നുകിൽ നീതീകരിക്കപ്പെടുന്നു അല്ലെങ്കിൽ കുറ്റംവിധിക്കപ്പെടുന്നു*

വാക്യം 37-ൽ കർത്താവ് ഉപസംഹരിക്കുന്നു, "എന്തെന്നാൽ നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ നീ കുറ്റംവിധിക്കപ്പെടുകയും ചെയ്യും." എന്തൊരു മുന്നറിയിപ്പാണിത്! നമ്മുടെ സംസാരത്തെ നിയന്ത്രിക്കുവാനും അതിരിടുവാനും നാം പഠിക്കണം.

എതിർത്തവരായ പരീശന്മാർ തോല്പിക്കപ്പെട്ടുവെന്നു മാത്രമല്ല, കീഴ്പെടുത്തപ്പെടുകയും ചെയ്തു. അവർക്ക് ഒരു വാദം ഉണ്ടായിരുന്നില്ല. കർത്താവായ യേശു ഒരു ഉത്തരം നൽകുമ്പോഴൊക്കെയും അവിടെ പിന്നെ യാതൊരു വാദപ്രതിവാദവുമില്ല.